# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 31/ 08/ 2018

## തൊണ്ണൂറ്റി മൂന്നാം വയസിൽ കിട്ടിയ പെൻഷൻ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക്

കൊല്ലം : വാർദ്ധക്യ കാല പെൻഷൻ തുക മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തുകൊണ്ട് നാടിനുണ്ടായ വിപത്തിൽ തന്നാലാവു സഹായം എത്തിച്ചുകൊണ്ട് തൊണ്ണൂറ്റി മൂന്നാം വയസിൽ ഹൃദയ ഡൊമിനിക് സിറിൽ രത്ന സ്വാമിപിള്ള എന്ന IDR രത്നസ്വാമിപിള്ള കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ആഫീസിലെത്തി ജില്ലാ പോലീസ മേധാവിയ്ക്ക് 10,000 രൂപയുടെ ചെക്ക് കൈമാറി.




ജില്ലാ പോലീസ മേധാവിയ്ക്ക് മുന്നിൽ നാടിനുണ്ടായ വിപത്തിൽ ഖേദമുണ്ടെന്നും ഓണത്തിന് മുന്നോടിയായി തനിക്കുകിട്ടിയ നാലു മാസത്തെ പെൻഷൻ തുകയായ 6,000 രൂപയും മുമ്പ് കിട്ടിയ പെൻഷൻ തുകയിൽ നിന്നും മിച്ചംവച്ച 4,000 രുപയും ചേർത്താണ് ഈ തുക സമ്പാദിച്ചതെന്നും കൊല്ലം പീപ്പിൾസ് നഗർ 227, മോണിംഗ് സ്റ്റാറിൽ IDR രത്നസ്വാമിപിള്ള വ്യക്തമാക്കി. തൊണ്ണൂറ്റി മൂന്നാം വയസിൽ താങ്കൾ കാട്ടിയ മാതൃകാപരമായ ഈ പ്രവൃത്തി പൊതുജനങ്ങൾക്ക് പ്രചോദനമാകുമെന്ന് ജില്ലാ പോലീസ മേധാവി ഡോ. അരുൾ ആർ.ബി കൃഷ്ണ ഐ.പി.എസ് അറിയിച്ചു.